അസിസ്റ്റന്റ് സർജന്റെ ഒരൊഴിവ് ഇപ്പോൾ നിലവിലുണ്ട്. അത് നികത്താനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) സഞ്ചരിക്കുന്ന ആശുപത്രി ആയതിനാൽ മലയോരത്തെ ഉൾപ്രദേശങ്ങളിൽ ചെന്ന് രോഗികളെ പരിശോധിച്ച് മരുന്നു കൊടുക്കുന്ന പ്രവർത്തനമാണ് നടത്തുന്നത്. മറ്റ് ആധുനിക വൈദ്യപരിശോധനാ ചികിത്സാ സൗകര്യങ്ങൾ വാഹനത്തിനകത്ത് ഏർപ്പെടുത്തുക അസാദ്ധ്യമാണ്. ഡോക്ടർമാരുടെ ഒഴിവു നികത്തി കഴിഞ്ഞാൽ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുന്നതാണ്.

നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ പി.എച്ച്.സികൾക്ക് കെട്ടിടം

188 (3378) ശ്രീ. പാലോട് രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ജി.ഒ.(ആർ.റ്റി) 296/95/ആ.കു.വ. തീയതി 27-1-1995 ഓർഡർ പ്രകാരം എത്ര പി. എച്ച്. സെന്ററുകൾക്ക് കെട്ടിടം നിർമ്മിക്കാൻ അനുവാദം നൽകിയിട്ടുണ്ട് ;

(ബി) ഇതിൽ എത്ര കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട് ;

(സി) ചീരാണിക്കര പബ്ലിക് ഹെൽത്ത് സെന്ററിന്റെ പണി ഇതുവരെയും ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതിന്റെ പണി തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ജി. ഒ. (ആർ. റ്റി) 296/95 ആ.കു.വ തീയതി 27-1-1995 പ്രകാരം ഒരു പ്രാഥമികാരോഗ്യകേന്ദ്രത്തിനും കെട്ടിടം നിർമ്മിക്കാൻ അനുവാദം നൽകിയിട്ടില്ല. എന്നാൽ 7 എഫ് ഡബ്ല്യു സബ് സെന്റുകൾക്ക് കെട്ടിടം പണിയുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ഇവയിൽ 4 എണ്ണത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്.

(സി & ഡി) ചീരാണിക്കരയിൽ പബ്ലിക് ഹെൽത്ത് സെന്റർ ഇല്ല.

പെൻഷൻ പറ്റിയവർക്ക് പുനർ നിയമനം നൽകുന്ന നടപടി

189 (3379) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം എസ്. എ. റ്റി. ആശുപത്രി ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയിലെ ആജീവനാന്ത അംഗങ്ങൾക്ക് 1993-ന് മുമ്പ് നൽകിവന്ന ശുചീകരണജോലിയിൽ സ്ഥിരത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly